**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3355** **14.03.2018-ൽ മറുപടിയ്ക്ക്**

## മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം

**ചോദ്യം** **ഉത്തരം**

**ശ്രീ.എം.നൗഷാദ്**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യങ്ങൾ നൽകുവാൻ കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലുകൾ പരിശോധിച്ച് അനുവദനീയമായ തുക തിട്ടപ്പെടുത്തുന്നതിന് അപേക്ഷകളുടെ ബാഹുല്യം മൂലം ഉണ്ടാകുന്ന കാലതാമസമാണ് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതിന് കാരണം. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി 06.10.2017 ലെ ജി.ഒ.(എം.എസ്) നമ്പർ 145/2017/ആകുവ നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റ് ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകളിൽ 50,000/-രൂപവരെയുള്ളവ ജില്ലാതല മേധാവികൾക്കും 50,000/-രൂപ മുതൽ 2,00,000/-രൂപ വരെയുള്ളവ ജില്ലാമെഡിക്കൽ ഓഫീസർമാരുടെ പരിശോധനയ്ക്കുശേഷം ജില്ലാതല മേധാവികൾക്കും 2,00,000/-ത്തിനു മുകളിൽ ഉള്ളവ ആരോഗ്യ വകുപ്പ് ഡയറക്ടർ/ഭാരതീയചികിത്സാവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്കുശേഷം വകുപ്പ് തലവൻമാർക്കും തീരുമാനം കൈക്കൊള്ളാൻ അനുവാദം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ Authorized Medical Attendant-ന്റെ ശുപാർശ ഇല്ലാതെ തന്നെ സ്വകാര്യ ആശുപത്രികളിൽ നടത്തിയ, അടിയന്തിര ചികിത്സ ആവശ്യമായ ചില രോഗങ്ങളുടെ, ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ ആരോഗ്യവകുപ്പിന്റെ പ്രത്യേകാനുമതി ഇല്ലാതെ തന്നെ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തീർപ്പാക്കാൻ 15.12.2017 ലെ സ.ഉ(കൈ) 184/17/ആകുവ ഉത്തരവ് പ്രകാരം ഭരണ വകുപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. |
| ബി) | വിവിധ വകുപ്പുകളിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യത്തിനായി കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ; | ബി) & സി) | മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ബാധ്യത എന്നിവ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റീഇംബേഴ്സ്മെന്റ് ഇനത്തിലുള്ള ബാധ്യതയുടെ കണക്ക് വകുപ്പ് തിരിച്ച് ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ